# ശ്രീകൃഷ്ണ സഹായം

# എ.എൽ.പി. സ്കൂൾ

## തലക്കുളത്തൂർ

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ



## ആമുഖം

ശ്രീകൃഷ്ണസഹായം എ.എൽ.പി.സ്കൂൾ, തലക്കുളത്തൂർ പഞ്ചായത്തിൽ പാവയിൽ ചീർപ്പ് എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ഈ സ്കൂൾ 9ാം വാർഡിലാണ്, ഈ സ്കൂളിലെ ഫീഡിംഗ് ഏരിയ ചെങ്ങോട്ടുമല, കോരാമ്പ്രമീത്തൽ കോളനി,ചെമ്പോളിപറപ്പാറ, മൊടപ്പിലാവിൽ എന്നവിയാണ്.

പാവയിൽ ഭാഗത്ത് 193ൽ കേശവൻ നമ്പീശൻ എന്നയാൾ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. മുമ്പ് ഈ വിദ്യാലയത്തിൽ 5ാം ക്ലാസ്സ് വരെയുണ്ടായിരുന്നു. എൻ. അച്ച്യുതൻ നായർ ആയിരുന്നു സ്കൂളിലെ പ്രഥമ ഹെഡ്മാസ്റ്റർ. 1975ൽ സ്കൂൾ നമ്പീശൻ ഒഴിയുകയും എൻ . ജാനകി മാനേജരാവുകയും ചെയ്തു. എൻ അച്ച്യുതൻ നായർക്ക് ശേഷം സി പി വാസുദേവൻ നമ്പൂതിരി, എം പി നാണിയമ്മ, പി അബലാമണി, സി സി ലീല എന്നിവരായിരുന്നു ഹെഡ്മാസ്റ്റർമാർ

സ്കൂളിന്റെ തുടക്കകാലത്ത് ചുമരകളില്ലാത്ത കെട്ടിടങ്ങളായിരുന്നു സ്കൂളിന്. ഭൗതിക സാഹചര്യങ്ങൾ വളരെ പരിമിതമായ അവസ്ഥയിൽ നിന്ന് തികച്ചും മികച്ച രീതിയിലുള്ള, ടൈൽ വിരിച്ച ക്ലാസ്സ് മുറികളും,ഫാൻ,ഫർണീച്ചറുകൽ, കമ്പ്യൂട്ടർലാബ് എന്നീ സൗകര്യങ്ങളിലേക്ക് ഉയരാൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്.

**അധ്യാപകരുടെ വിവരങ്ങൾ**

| SL No. | Name of Teacher | Designation | Qualification | Class in Charge |
|---|---|---|---|---|
| 1. | BINDU P | HM | Pre Degree ,TTC | 2 |
| 2. | ATHIRA KP | LPSA | TTC | 1 |
| 3. | NIMESH C | LPSA | BA ,TTC | 3 |
| 4. | JITHIN K | LPSA | PLUSTWO, TTC | 4 |
| 5. | MUHAMMED RAFEEQ K K | ARABIC | AFSAL-ULULUMA | |

# ശ്രീകൃഷ്ണസഹായം എ.എൽ.പി.സ്കൂൾ

## തലക്കുളത്തൂർ

### സ്കൂൾ രൂപരേഖ

| | |
|---|---|
| സ്ഥാപിതം | 1936 |
| സ്കൂൾ കോഡ് | 17439 |
| സ്ഥലം | പാവയിൽ |
| സ്കൂൾ വിലാസം | തലക്കുളത്തൂർ പാവയിൽ |
| പിൻകോഡ് | 673312 |
| ഫോൺ നമ്പർ | 9605312764 |
| ഇ. മെയിൽ | sreekrishnasahayam@gmail.com |
| വിദ്യാഭ്യാസ ജില്ല | കോഴിക്കോട് |
| റവന്യൂ ജില്ല | കോഴിക്കോട് |
| ഉപജില്ല | ചേവായൂർ |
| പഞ്ചായത്ത് | തലക്കുളത്തൂർ |
| ബ്ലോക്ക് | ചേളന്നൂർ |
| ക്ലസ്റ്റർ | ജി.എം.എൽ.പി.തലക്കുളത്തൂർ |
| കുട്ടികളുടെ എണ്ണം | 45 |
| അധ്യാപകരുടെ എണ്ണം | 5 |
| മാനേജരുടെ പേര് | എൻ ജാനകി |
| പ്രധാന അധ്യാപിക | ബിന്ദു.പി |
| പി ടി എ പ്രസിഡണ്ട് | രാജീവൻ.ടി |

# ഉള്ളടക്കം

- ഉദ്ദേശ്യലക്ഷ്യങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ച്ചപ്പാട്
- അവസ്ഥാ വിശകലനം (അക്കാദമികം, ഭൗതികം, സാമൂഹികം)
- പ്രശ്നവിശകലനം-
    - മലയാളം
    - ഇംഗ്ലീഷ്
    - പരിസരപഠനം
    - ഗണിതം
    - അറബിക്
    - കായികപഠനം
- വാർഷിക കലണ്ടർ
- മോണിറ്ററിംഗ്

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ

•1 മുതൽ 4 വരെ ഓരോ ക്ലാസ്സിലേയും കുട്ടി ആർജിക്കേണ്ട ശേഷികളും,ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും കഴിവിനനുലസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക

•എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും

•അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തന്നതിനാവശ്യമായ പഠനോകരണങ്ങൾ ഭൗതിക സൗകര്യങ്ങൾ എന്നിവ് വിദ്യാലയത്തിൽ ഉറപ്പാക്കും

•ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും

•ഐ സി ടി അധിഷിഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും

•ക്ലാസ്സ് മുറികളിൽ ഐ സി ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ്യ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

•പ്രകതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക

•സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനീ മുക്ത ക്യാമ്പസ് സൃഷ്ടിക്കുക

•സ്വയം പഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതിക സൗകര്യങ്ങളും, ലൈബ്രറി, ലാബ് പോലയുള്ള സംവിധാനങ്ങളും ഒരുക്കുക

•കുട്ടിയുടെ പഠന വേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക

•ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുകയും വിലയിരുത്തലിലൂടേ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക

•വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക

•പ്രാദേശിക വിഭവപടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലായത്തിൽ ലഭ്യമാക്കുക

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ച്ചപ്പാട്

•കേരളത്തിന്റെ സാംസ്കാരിവും സമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കാനും, ഭരണഘടനാമൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക

•20 വർഷം മുന്നിൽ കണ്ടു കൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും, വിവിധ മേഖലകളിൽ നിന്ന് വിഭവ സമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക

•വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി അധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യായനം ഉറപ്പ് വരുത്തുക

•വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

•പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക

•കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുക

•കലാകായിക പ്രവർതതി പരിചയ മികവ് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസ്സിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും

•ഗവേഷണാത്മക അധ്യാപനത്തിനും, പഠനത്തിനും അവസരമൊരുക്കും

•പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി, ആവശ്യമായ സഹായം ലഭ്യമാക്കും

•സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ് ആധുനികവൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കും.

•ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശിൽപശാലകൾ വിദഗ്ദരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിദ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.

## മലയാളം

**മേഖല : അക്കാദമികം** **വിഷയം : മലയാളം**

**പ്രശ്നം: ചിഹ്നങ്ങളും ഉറയ്ക്കാത്തത്**

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>•ശ്രദ്ധയില്ലായ്മ<br>•മാനസിക പക്വതയില്ലായ്മ<br>**ടീച്ചർ:**<br>•ആവർത്തനത്തിനുള്ള സമയക്കുറവ്<br>വ്യത്യസ്ത നിലവാരക്കാരെ പരിഗണിക്കായ്മ<br>**രക്ഷിതാവ്:**<br>•പഠനാന്തരീക്ഷം ഇല്ലായ്മ<br>**സംവിധാനം:**<br>•സമയക്കുറവ്<br>•പരിശീലനത്തിലെ അപര്യാപ്തത | •ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ<br>•അധ്യായന വർഷാരംഭം തന്നെ കുട്ടിയുടെ നിലവാരം അറിയുന്നതിന് പ്രീ ടെസ്റ്റ് നടത്തുക<br>•ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആകർഷകമാക്കുക | •പ്രീ ടെസ്റ്റ്<br>•ഐ സി ടി സാധ്യത<br>•അക്ഷര കാർഡ് നൽകൽ<br>•വാക്യങ്ങൾ നിർമ്മിക്കൽ<br>•ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്<br>•സ്കൂൾ ലൈബ്രറി നവീകരിക്കൽ |

**മേഖല അക്കാദമികം** **ഉപമേഖല മലയാളം**

**ലക്ഷ്യം-ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| •ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ<br>•പ്രീ ടെസ്റ്റ്<br>•അക്ഷരം ഉറപ്പിക്കൽ<br>•അടയാളം ഉറപ്പിക്കൽ<br>•അക്ഷരകാർഡ് നിർമ്മിക്കൽ<br>•വാക്കുകൾ നിർമ്മിക്കുക<br>•വാക്യങ്ങൾ നിർമ്മിക്കുക<br>•ചിത്രം - അടിക്കുറിപ്പ്<br>•ചിത്രം- കഥയെഴുത്ത്<br>•കഥാപുസ്തകം നൽകൽ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | 2 മാസം<br>2 മാസം | | BRC<br>DIET<br>SCERT<br>PTA |

## പ്രവർത്തനങ്ങൾ

**1.മലയാളത്തിളക്കം പ്രീടെസ്റ്റ്**

പ്രീടെസ്റ്റ് നടത്തുന്നു- പിന്നോക്കാരെ കണ്ടെത്തുന്ന

**2.അക്ഷരമരം നിർമ്മിക്കൽ**

അക്ഷരം ഉറപ്പിക്കൽ

**3. ചിഹ്നങ്ങൾ ഉറപ്പിക്കൽ**

**4.അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ

**5.കഥായെഴുത്ത് മത്സരം**

(3, 4 ക്ലാസ്സ്) 2 ആഴ്ചയിൽ ഒരിക്കൽ

**6.ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്ന ശേഷിക്കാർക്കായി പ്രത്യേക പ്രവർത്തന പാക്കേജ് . ഐ ഇ ഡി സി അധ്യാപകരുടെ സേവനം

**7.ക്ലാസ്സ് വായനാകൂട്ടം രൂപീകരിക്കൽ**

ഓരോ ക്ലാസിലെയും മുഴുവൻ കുട്ടികളെയും ചെറുഗ്രൂപ്പുകളാക്കുന്നു. എത്ര പുസ്തകം, വായനാക്കുറിപ്പ്,പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം, (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചർച്ച, വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി, ബാലസബ എന്നിവയിൽ അവതരിപ്പിക്കാനവസരം

**8.സമീപ ഗ്രന്ഥശാലാ അംഗത്വം**

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തവിതരണം, വായന, എഴുത്ത്, പ്രോത്സാഹനം എന്റെ പുസ്തകം പ്രകാശനം

**9.വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, അസ്വാദനക്കുറിപ്പ് വായനാക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, ചെറുനാടകം അവതരണം.

**പ്രോജക്ട്- മലയാളം**

**പ്രശ്നം- കുട്ടികളെ മികച്ച വായനക്കാരും എഴുത്തുക്കാരുമാക്കുക**

**ലക്ഷ്യം**

1. വായനയും എഴുത്തു വികസ്സിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ കണ്ടെത്തൽ
2. ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി
3. ഗ്രന്ഥശാല അംഗത്വം
4. വായനാക്കൂട്ടം.എഴുത്തുക്കൂട്ടം
5. വായനാ സാമഗ്രികൾ കണ്ടെത്തൽ, വികസിപ്പിക്കൽ
6. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് എഴുത്തിന്റയും വായനയുടെയും സാധ്യത കണ്ടെത്തുക
7. സാഹിത്യകാരുമ്മായുള്ള സംവാദം,അഭിമുഖം സംഘടിപ്പിക്കൽ
8. സി ഡി, ഐ സി ടി സാധ്യത സജ്ജീകരിക്കൽ
9. ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടൽ
10. അമ്മ വായന
11. എല്ലാവർക്കും എഴുത്തും വായനയും
12. ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ എഴുത്ത്, വായന എന്നിവ പരിപോഷിപ്പിക്കൽ
13. ക്ലാസ് സഭ, സ്കൂൾ സഭ, ബാല സഭ

**മേഖല അക്കാദമികം** **ഉപമേഖല മലയാളം**

**പ്രശ്നം- അടിസ്ഥാന ഭാഷാശേഷികൾ നേടാത്ത കുട്ടികൾ ഉണ്ട്**

**ലക്ഷ്യം-എൽ പി ക്ലാസിലെ കുട്ടികളുടെ ഭാഷാജ്ഞാനത്തിന്റെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുക**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| •ആശയരൂപീകരണം (എന്ത്, എപ്പോൾ, എങ്ങനെ) | വിഷയ സമിതി | മെയ് | | PTA |
| •ചോദ്യാവലി നിർമ്മാണം | വിഷയ സമിതി<br>ക്ലാസ് ടീച്ചർ | മെയ് | | |
| •പ്രീ- ടെസ്റ്റ് നടത്തിപ്പ് | വിഷയ സമിതി | ജൂൺ | | |
| •മൂല്യനിർണ്ണയവും ഫലവിശകലനവും | വിഷയ സമിതി | ജൂൺ | 1000 | PTA |
| •റിപ്പോർട്ട് തയ്യാറാക്കൽ | എസ് ആർ ജി | | | |
| •റിപ്പോർട്ട് അവതരണം | പി ടി എ<br>എക്സിക്യൂട്ടീവ് | ജൂൺ | | |

# ഇംഗ്ലീഷ്

മേഖല : അക്കാദമികം

വിഷയം : ഇംഗ്ലീഷ്

പ്രശ്നം: വായിക്കാനുള്ള പ്രയാസം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>•ശ്രദ്ധയില്ലായ്മ<br>•താൽപര്യക്കുറവ്<br>•വായിക്കാനുള്ള ശ്രമം നടക്കുന്നില്ല<br>**ടീച്ചർ:**<br>•വ്യക്തിഗത വായനക്കുള്ള അവസരക്കുറവ്<br>•രസകരമായ രീതിയിലുള്ള പ്രവർത്തനങ്ങൾ അവിഷ്കരിക്കുന്നില്ല<br>•സമയക്കുറവ്<br>**രക്ഷിതാവ്:**<br>•വായിപ്പിക്കുന്നില്ല<br>•ഇംഗ്ലീഷ് പരിജ്ഞാനം കുറവ്<br>•താൽപര്യത്തോട് കൂടി വായിക്കാനുള്ള അവസരം നൽകുന്നില്ല<br>**സംവിധാനം:**<br>•പാഠപുസ്തകങ്ങളിലെ പ്രവർത്തനങ്ങൾ കൂടുതൽ ആയതിനാൽ സമയബന്ധിതമായി പാഠഭാഗങ്ങൾ തീർക്കാൻ സാധിക്കാതെ വരുന്നു | •വായനയ്ക്കുള്ള താൽപര്യം ജനിപ്പിക്കുന്ന രീതിയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കുക<br>•ഐ സി ടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക<br>•ക്ലാസ് റൂം തിയേറ്റർ ഫലപ്രദമായി പ്രയോജനപ്പെടുത്തുക<br>•കളികളിലൂടെ ഇംഗ്ലീഷ് ഭാഷയെ പരിചയപ്പെടുത്തുകയും ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം ഉണ്ടാക്കുകയും ചെയ്യുക | •പരമാവധി വായനകാർഡുകൾ ഉപയോഗപ്പെടുത്തിവായനയ്ക്കുള്ള അവസരം നൽക്കുക<br>•ഇംഗ്ലീഷ് പത്രം പരിചയപ്പെടുത്തി വായിപ്പിക്കുക<br>•ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തി കേൾക്കാനുള്ള അവസരം നൽകുക |

**മേഖല അക്കാദമികം** **ഉപമേഖല ഇംഗ്ലീഷ്**

**ലക്ഷ്യം-നല്ല ഉച്ചാരണശുദ്ധിയോടെ ഇംഗ്ലീഷ് വായിക്കാനുള്ള കഴിവ് എല്ലാ കുട്ടികളിലും ഉണ്ടാക്കിയെടുക്കുക**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| •വായനാകാർഡ് | ജിതിൻ മാസ്റ്റർ | 10 മാസം | 1000 | PTA |
| •ഇംഗ്ലീഷ് ക്ലബ് | ഞാതിര. k.p | 4 മാസം | 1000 | STAFF |
| •മാഗസിൻ | നിമേഷ് മാസ്റ്റർ<br>ബിന്ദു<br>ഞാതിര kp | 5 മാസം | 5000 | STAFF |
| •ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ | റഫീഖ് മാസ്റ്റർ | 5 മാസം | 2000 | PTA |
| •ന്യൂസ് പേപ്പർ റീഡിംഗ് | ക്ലാസ് ടീച്ചർമാർ | 8 മാസം | 2400 | |

**മേഖല : അക്കാദമികം** **വിഷയം : ഇംഗ്ലീഷ്**

**പ്രശ്നം: ഇംഗ്ലീഷിൽ ആശയവിനിമയം നടക്കുന്നതിനുള്ള പ്രയാസം**

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>•ശ്രമം നടത്തുന്നില്ല<br>•താൽപര്യക്കുറവ്<br>•പേടി<br>**ടീച്ചർ:**<br>•അവസരം നൽകുന്നില്ല<br>•സമയക്കുറവ്<br>**രക്ഷിതാവ്:**<br>•ശ്രദ്ധയില്ലായ്മ<br>•ഇംഗ്ലീഷ് പരിജ്ഞാനം | •പരമാവധി ഇംഗ്ലീഷ് ക്ലാസ്സിൽ ഇംഗ്ലീഷ് തന്നെ സംസാരിക്കുകയും കാര്യങ്ങൾ ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യുകയും കുട്ടികളുമായി ഇന്ററാക്റ്റ് ചെയ്യുമ്പോൾ ലഘു ചോദ്യങ്ങൾ ഇംഗ്ലീഷിൽ ചോദിക്കുകയും പറയിപ്പിക്കുകയും ചെയ്യുക. പാഠ | •നാടകീകരണം<br>•സംഭാഷണം<br>•പ്രസംഗം<br>•ഫോൺ ഗെയിം |

| | | |
|---|---|---|
| കുറവ്<br>സംവിധാനം:<br>•സമയക്കുറവ് | ഭാഗങ്ങൾ നാടകീരിച്ച് ക്ലാസ്സ് റൂം തിയറ്റർ സാധ്യതെയെ ഉപേയോഗപ്പെടുത്തുക<br>•ഐ സി ടി സാധ്യത ക്ലാസ്സ് മുറിയിൽ കൊണ്ട് വരിക<br>•ഇംഗ്ലീഷ് ഭാഷ കേൾക്കാനുള്ള അവസരം നൽകുക | |

**മേഖല അക്കാദമികം** **ഉപമേഖല ഇംഗ്ലീഷ്**

**ലക്ഷ്യം-ഇംഗ്ലീഷ് വളരെ എളുപ്പമുള്ള ഭാഷയാക്കി മാറ്റുക തെറ്റ് കൂടാതെ ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുക**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| •ഇംഗ്ലീഷ് ക്ലബ് | നിമേഷ് | 8 മാസം | 2000 | PTA |
| •കൊറിയോഗ്രഫി | ജിതിൻ മാസ്റ്റർ | | | |
| •മാഗസിൻ | ആതിര kp | 8 മാസം | 2000 | STAFF |
| •ഇംഗ്ലീഷ് ഡ്രാമ | നിമേഷ് മാസ്റ്റർ | | | |
| •സ്കിറ്റ് | ബിന്ദു പി | | | |

**മേഖല : അക്കാദമികം**  **വിഷയം : ഇംഗ്ലീഷ്**

**പ്രശ്നം: എഴുതാനുള്ള പ്രയാസം**

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>•ശ്രദ്ധക്കുറവ്<br>•താൽപര്യക്കുറവ്<br>•എഴുതാനുള്ള അവസരം കുറയുന്നു<br>**ടീച്ചർ:**<br>•കൂടുതൽ അവസരം സൃഷ്ടിക്കാത്തത്<br>•സമയക്കുറവ്<br>**രക്ഷിതാവ്:**<br>•ശ്രദ്ധയില്ലായ്മ<br>•ഇംഗ്ലീഷ് പരിജ്ഞാനം കുറവ്<br>**സംവിധാനം:**<br>•പ്രവർത്തനങ്ങളുടെ ആധിക്യം | •എഴുതാനുള്ള താൽപര്യം ജനിപ്പിക്കുന്ന രീതിയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കുക<br>•ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തുക<br>•എഴുതാനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക | •വർക്ക് ഷീറ്റ്<br>•മാഗസിൻ<br>•ഇംഗ്ലീഷ് ഡയറി<br>•പോസ്റ്റർ കളികൾ |

**മേഖല അക്കാദമികം**  **ഉപമേഖല ഇംഗ്ലീഷ്**

പ്രശ്നം-എഴുതാനുള്ള പ്രയാസം

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| •മാഗസിൻ | ജിതിൻ കെ | 3 മാസം | **2000** | **PTA** |
| •പോസ്റ്റർ | ജ്യോതിഷ് .KP | 4 മാസം | **500** | **STAFF** |
| •ഡയറി | ബിന്ദു പി | 8 മാസം | | **STAFF** |
| •വർക്ക് ഷീറ്റ് | നിമേഷ് മാസ്റ്റർ | 7 മാസം | **750** | **SSA** |

**ഇംഗ്ലീഷ് അസംബ്ലി**

ആഴ്ച്ചയിൽ 3 ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തു. Rhyme, Speech, Thought എന്നിവ ഉൾപ്പെടുത്തികൊണ്ട് 3,4. ക്ലാസിലെ കുട്ടികൾ അസംബ്ലി നടത്തുന്നു.

**ഇംഗ്ലീഷ് അസംബ്ലി**

സ്കൂൾ ഇംഗ്ലീഷ് ക്ലബിന്റെ നേതൃത്വത്തിൽ ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. കുട്ടികളുമായ് ബന്ധപ്പെട്ട രസകരമായ ഇംഗ്ലീഷ് സിനിമകൾ ഉൾക്കൊള്ളിച്ച് കുട്ടി കൾക്കും രക്ഷിതാക്കളുമായ് സിനിമ പ്രദർശനം സംഘടിപ്പിക്കുന്നു.

**ഇംഗ്ലീഷ് റേഡിയോ**

സ്കൂൾ റേഡിയോയിലൂടെ കുട്ടികൾ അവർ പഠിച്ച റൈറുകളും സ്റ്റോറികളും മറ്റും ദിവസേന അവതരിപ്പിക്കുന്നു

**ഫോണിംഗ് പ്രോഗ്രം**

ഇംഗ്ലീഷ് സംസാരിക്കുന്ന ഒരാളുമായ് കുട്ടികൾ ഫോൺ വഴി ആശയ വിനിമയം നട ത്തുന്നു. കോൾ റിക്കോർഡ് ചെയ്യുന്നു പിന്നീട് കേൾക്കുന്നു.

**ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു**

അധ്യാപകരും കുട്ടികളും ഫീൽഡ് ട്രീപ്പ് നടത്തുന്നു. അവിടെ വെച്ച് ഇംഗ്ലീഷിൽ മാത്രം ഇന്റർാക്റ്റ് ചെയ്യുന്നു.

**അഭിമുഖം**

പ്രശ്സതരായ ആളുകളുമായ് ഇംഗ്ലീഷ് അഭിമുഖം നടത്തുന്നു.

**പത്രവായന**

ദിവസവും കുട്ടികൾ ഇംഗ്ലീഷ് പത്രം വായിച്ച് മൈക്കിൽ അവതരിപ്പിക്കുന്നു.

# പരിസരപഠനം

**മേഖല : അക്കാദമികം** **വിഷയം : പരിസരപഠനം**

**പ്രശ്നം: കുട്ടികൾ കണ്ടും, കേട്ടും,തൊട്ടു പഠിക്കുന്നതിന് പ്രകൃതിയിലേക്ക് ഇറങ്ങി പഠിക്കുന്നതിന് സാഹചര്യക്കുറവ്**

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>•അവസരക്കുറവ്<br>•സമയക്കുറവ്<br>•താൽപര്യക്കുറവ്<br>**ടീച്ചർ:**<br>•പ്രകൃതിപഠനത്തിനുള്ള സാഹചര്യക്കുറവ്<br>•സമയക്കുറവ്<br>**രക്ഷിതാവ്:**<br>•പഠനാന്തരീക്ഷം ഉറപ്പു വരുത്തുന്നില്ല<br>•താൽപര്യക്കുറവ്<br>**സംവിധാനം:**<br>•പ്രവർത്തനങ്ങളുടെ ആധിക്യം | •കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക<br>•കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക<br>•ജൈവ വൈവിധ്യ പാർക്ക് സ്ഥാപിച്ച് പരിസര പഠനം ലളിതവും രസകരവും ആക്കുക<br>•കൃഷിക്ക് പ്രാധാന്യം നൽകി കുട്ടികളെ പ്രകൃതിയോട് അടുപ്പിക്കുന്ന പ്രവർത്തനങ്ങൾ തയ്യാറാക്കുക | •പ്രകൃതി നടത്തം<br>•ഫീൽഡ് ട്രിപ്പ്<br>•വാഴത്തോട്ടം<br>•നെല്ല്കൃഷി എന്നി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക<br>•സ്കൂളിൽ ഔഷധത്തോട്ടം നിർമ്മിക്കുക<br>•വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ |

**മേഖല അക്കാദമികം** **ഉപമേഖല പരിസപഠനം**

**ലക്ഷ്യം-പ്രകൃതിസ്നേഹികളായ ഒരു ഭാവിതലമുറയെ സൃഷ്ടിക്കുക**

| ഉപപ്രവർത്തനങ്ങൾ | ചുമതല | കാലം | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| •പരിസ്ഥിതി ക്ലബ് | റഫീഖ് മാസ്റ്റർ | 8 മാസം | 1000 | STAFF |
| •പഠനയാത്ര | ജിതിൻ മാസ്റ്റർ | | 5000 | PTA |
| •നിർമ്മാണപ്രർത്തനം | ബിന്ദു പി | 3 മാസം | 2000 | PTA |
| •സയൻസ് ലാബ് | ജിതിൻ മാസ്റ്റർ | | 15000 | SSA |
| •അഭിമുഖം | ആകിൽ. കെ | | | |
| •ശേഖരണം | നിമേഷ് | 8 മാസം | 1000 | |
| •പരീക്ഷണം | ജിതിൻ കെ | | | |

## ഗണിതം

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഫോർമാറ്റ് 1

**മേഖല :അക്കാദമികം**

**വിഷയം :ഗണിതം**

**പ്രശ്നം :എല്ലാകുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ സാധിക്കുന്നില്ല.**

**കാഴ്ച്ചപ്പാട്**

കുട്ടികളുടെ ഗണിതവലൽകരണശേഷികൾ വികസിപ്പിക്കലാണ് ഗണിത വിദ്യാഭ്യാസ ത്തിന്റെ പ്രധാനലക്ഷ്യം എല്ലാ കുട്ടികളെയും ഗണിതപഠനത്തിന് താൽപര്യമുള്ളവരാക്കാൻ നമ്മുക്ക് എന്ത് ചെയ്യാനാക്കും. കുട്ടികൾക്ക് ഭയം മാറി അവരത് ആസ്വദിക്കുന്ന അവസ്ഥ വരണം.ക്ലാസിലെ ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയുമെന്ന വിശ്വാസം ഉണ്ടാകണം.

**ലക്ഷ്യം**

എല്ലാ കുട്ടികളെയും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്ന പ്രവർത്തനങ്ങൾ നടത്തി കുട്ടികളെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുക

**അവസ്ഥാപഠനം**

എല്ലാ ക്ലാസിലെയും മിക്ക കുട്ടികൾക്കും നേടേണ്ട ശേഷികൾ നേടാൻ കഴിഞ്ഞിട്ടില്ല.

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനങ്ങൾ |
|---|---|---|
| • കുട്ടി<br>ഗണിതപ്രയാസം എന്ന മുദ്രാവാക്യം<br>അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്<br>തുടർച്ചയായ അസുഖങ്ങൾ<br>പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല<br><br>• അധ്യാപകർ<br>എല്ലാ കുട്ടികളെയും പരിഗണിക്കുന്നതരത്തിലുള്ള ക്ലാസ് റൂം കൈകാര്യം | • പ്രീ ടെസ്റ്റ് നടത്തി കുട്ടിയുടെ നിലവാരം ഉയർത്തൽ<br>• അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ<br>• അധികസമയം കണ്ടെത്തുക<br>• ഗണിത ലാബ് രൂപീകരിക്കുക<br>• ഐ സി ടി ലഭ്യത ഉറപ്പാക്കുക | • പ്രീ ടെസ്റ്റ്<br>• ഗണിത ക്ലബ്<br><br>• ഗണിത ലാബ്<br><br>• ഐ സി ടി ശില്പശാല |

## അക്കാദമിക് മാസ്റ്റർ പ്ലാൻ ഫോർമാറ്റ് 2

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| •ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | •ചോദ്യാവലി ഉണ്ടാക്കുന്നു | മേയ് 20 | ക്ലാസ് ടീച്ചർ | | PTA |
| | •പ്രീ ടെസ്റ്റ് | ജൂൺ 3-7 | | | |
| | •മൂല്യനിർണ്ണയം | | | | |
| | •റിസർട്ട് രേഖ | ജൂൺ | | | |
| •ഗണിതക്ലബ് രൂപീകരണം | •എസ് ആർ ജി അവതരണം | | | | |
| | • സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | | | | |
| | •വർക്ക് ഷീറ്റുകൾ | | | | |
| | •രക്ഷിതാകൾക്ക് ക്ലാസ്സ് | മേയ് അവസാനം | | | |
| | •പാഠാസൂത്രണങ്ങൾ ഫലപ്രദമായി ആസൂത്രണം | 1 വർഷം | ക്ലാസ് ടീച്ചർ | | PTA |
| | •ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ | ടേം അവസരത്തിൽ | | | |
| | •ഗണിത ക്വിസ്സ് | | ക്ലാസ് ടീച്ചർ | | |
| | •മനക്കണക്കുകൾ | | | 10000 | |
| •ഗണിത ലാബ് | •ഗണിത ലാബ് സജ്ജീകരിക്കൽ | | | | |
| •ലിറ്റിൽ മാസ്റ്റർ | •ഗണിത ശാസ്ത്രത്തിന്റെ മികച്ച 5 കുട്ടികളെ കണ്ടെത്തി വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തിരഞ്ഞെടുക്കപ്പെടുന്നു സമ്മാനം നൽകുന്നു | | ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | 5000 | PTA |
| | •ഗണിത ക്വിസ് | | | | |

## പ്രവർത്തന വിശദീകരണം

1. പ്രീ ടെസ്റ്റ്

പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കാരെ കണ്ടെത്തി

2. ഗണിത ക്ലബ് രൂപീകരണം

ഗണിത ക്ലബ് രൂപീകരിക്കുക. ഓരോ ക്ലാസിലെയും 25% ഭാഗം കുട്ടികൾ ഗണിത ക്ലബിൽ അംഗങ്ങളായിരിക്കും

3. ഗണിത ലാബ്

വിദ്യാലയത്തിൽ പൊതുവേ ഗണിതവുമായി ബന്ധപ്പെട്ട രസകരവും , ലളിതവും സ്വയം ചെയ്യാനുള്ള പ്രവർത്തനങ്ങൾ

4. ലിറ്റിൽ മാസ്റ്റർ

ഗണിത ശാസ്ത്രത്തിൽ മികച്ച 5 കുട്ടികളെ കണ്ടെത്തി അവരെ ലിറ്റിൽ മാസ്റ്ററായി കണ്ടെത്തുക. അതിനുശേഷം സ്കൂൾ വാർഷികത്തിന് സമ്മാനം നൽകുന്നു.

**മേഖല : അക്കാദമികം** **വിഷയം : ഗണിതം**

**പ്രശ്നം: സമയം കണക്കുകൂട്ടി കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്**

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>മറ്റു സംഖ്യകൾ വരുന്ന ക്രിയകൾ ചെയ്യുന്ന പോലെ സമയം കണക്കു കൂട്ടുന്നു.<br>**ടീച്ചർ:**<br>•ക്ലോക്ക് ഉപയോഗിച്ച കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാനുള്ള സമയക്കുറവ്<br>**രക്ഷിതാവ്:**<br>•വേണ്ടത്ര ശ്രദ്ധിക്കാനുള്ള അവസരം ലഭിക്കുന്നില്ല | •സമയവുമായി ബന്ധപ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ ക്ലോക്ക് ഉപയോഗിച്ച് ചെയ്യാൻ അവസരം നൽകുക | •പറയുന്ന സമയങ്ങൾ ക്ലോക്കിൽ കാണിക്കൽ, ഒരു നിശ്ചിത സമയത്തിനോട്-കൂട്ടിയാൽ എത്ര സമയം എന്ന് കണ്ടെത്തൽ ഓരോ ദിനചര്യയ്ക്കു എടുക്കുന്ന സമയം കണ്ടെത്തൽ. ഒരു നിശ്ചിത സമയത്തിൽ നിന്നും പറയുന്ന സമയം ആകുവാൻ എത്ര മിനിറ്റ്. മണിക്കൂർ കണ്ടെത്തൽ തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ നൽകുക. കുട്ടികൾ തമ്മിൽ സ്വയം ചോദ്യങ്ങൾ നിർമ്മിച്ച് ഉത്തരം കണ്ടെത്തൽ. സമയം വരച്ചു കാണിക്കൽ ഇവ ചെയ്യിക്കുക. |

**മേഖല : അക്കാദമികം** **വിഷയം : ഗണിതം**

**പ്രശ്നം:പ്രശ്നങ്ങൾ അപഗ്രഥിച്ച് ഉത്തരത്തിലെത്തിച്ചേരാനുള്ള ബുദ്ധിമുട്ട്**

| കാരണങ്ങൾ | പരിഹാര നിർദ്ദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടി:**<br>പ്രായോഗികമായ അറിവ് കുറവ്<br>**ടീച്ചർ:**<br>•നിത്യജീവിതവുമായി ബന്ധപ്പെടുത്തി നൽകാനുള്ള പ്രയോഗക ബുദ്ധിമുട്ട്<br>**രക്ഷിതാവ്:**<br>•സാഹര്യങ്ങളുടെ അപര്യാപ്ത | •പ്രശ്നനിർദ്ധാരണത്തിനുള്ള മാർഗങ്ങൾ കുട്ടി സ്വയം കണ്ടെത്താനുള്ള അവസരങ്ങൾ നൽകുക | •ലഘുവായതും കൂടുതൽ ക്രിയകൾ ഉൾപ്പെടാത്തുമായ പ്രശ്നങ്ങൾ ആദ്യം ധാരാളം നൽകി കുട്ടികൾ സ്വയം ഉത്തരത്തിലെത്തിച്ചേരാനുള്ള അവസരങ്ങൾ നൽകണം.<br>•കച്ചവടക്കളി, ക്ലാസ്സ്റൂം, സ്കൂൾ, വീട് ഇവയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പരിചിതമായ പ്രശ്നങ്ങൾ എന്നിവ നൽകുന്നു.<br>•ഗണിത കേളികൾ, മത്സരങ്ങൾ എന്നിവ പ്രശ്ന നിർദ്ധാരണത്തിനായി നൽകൽ<br>•പ്രശ്നാപഗ്രഥനത്തിന് സഹായകമായ ചോദ്യങ്ങൾ കുട്ടികൾക്ക് നിർമ്മിക്കാനവസരം നൽകുന്നു. പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകമായ എന്തെല്ലാം ചോദ്യത്തിൽ തന്നിട്ടുണ്ടെന്ന് കുട്ടികൾ കണ്ടെത്തട്ടെ. |

## ക്ലാസ് 1 മുതൽ 4 വരെ ഗണിതം

### പ്രശ്നവിശകലനം

### പ്രശ്നം

വസ്തുക്കളെ സംഖ്യകളുപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്

### പരമിതികൾ

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച പഠനനേട്ടങ്ങൾ ലഭിക്കുന്നില്ല

•ഐ സി ടി അധിഷ്ഠിതവും പ്രകിയാ ബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ബുദ്ധിമുട്ട്.